**Series P/PB2/1**

**SET 1**

**CLASS X PRE-BOARD EXAMINATION – 2024-25**

**Q.P. Code: 012/2/1**

**Roll No.** | | | | | | | | |

**Candidate must write the Q.P. Code on the title page of the answer-book.**

- ചോദ്യപേപ്പറിൽ അച്ചടിച്ച **8** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- **ഉത്തരം എഴുതുന്നതിന് മുമ്പായി ഉത്തരകടലാസിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിറ്റാണ് അനുവദിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചു നോക്കാനുള്ള സമയമാണിത്. ഈ സമയം ഉത്തരകടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **8** printed pages.
- Please check that this question paper contains **9** questions.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The students will read the question paper only and will not write any answer on the answer-book during this period.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*

***General Instructions:***

*Read the following instructions very carefully and strictly follow them :*

*(i) This question paper is divided into* ***two*** *sections:*

***Section A*** *: Reading Comprehension (VSAQ), Vocabulary Building, Prose and Poetry (MCQ) 40 marks*

***Section B*** *: Grammar, Composition, Literature (Prose, Poetry and Supplementary) 40 marks*

*(ii) It has total* ***9*** *questions.*

*(iii)* ***Section A*** *:* ***4*** *questions no.* ***1 to 4****.*

*(iv)* ***Section B*** *:* ***5*** *questions no.* ***5 to 9****.*

*Attempt questions as per specific instructions.*

*Write question no. in answer book before attempting it.*

*ചോദ്യപേപ്പർ* ***2*** *വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ആകെ* ***9*** *ചോദ്യങ്ങൾ ഉണ്ട്.*

*എ വിഭാഗത്തിൽ 4 ചോദ്യങ്ങൾ 1 മുതൽ 4 വരെ. ബി വിഭാഗത്തിൽ 5 ചോദ്യങ്ങൾ 5 മുതൽ 9 വരെ.*

## എ വിഭാഗം (SECTION A)

**I. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (8X1=8)**

ബ്രിട്ടീഷ് സോഷ്യലിസ്റ്റും തിയോസഫിസ്റ്റുമായിരുന്നു, ആനിബസന്റ്. 1847ൽ ജനിച്ച ഇവർ 1933 ൽ അന്തരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റുപദം അലങ്കരിച്ചിട്ടുള്ള ഈ സാമൂഹിക - സാംസ്കാരിക പ്രവർത്തക, 1893 ൽ ഷിക്കാഗോയിൽനടന്ന ലോകമത സമ്മേളനത്തിൽ സ്വാമി വിവേകാനന്ദനൊപ്പം വേദിപങ്കിട്ടു. തിയോസഫിക്കൽ ആശയങ്ങളുടെ പ്രചാരകയായിരുന്നു ഇവർ. ഇന്ത്യയിലെത്തി ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഇവർ, ഹോംറൂൾ പ്രസ്ഥാ നത്തിന്റെ സ്ഥാപകയായിമാറി. ഇന്ത്യക്കാരിൽ ദേശീയബോധം വളർത്താനും, ലോക രാഷ്ട്രങ്ങൾക്കിടയിൽ സ്ഥാനം നേടാനും ഉതകുന്നതാ യിരിക്കണം വിദ്യാഭ്യാസം എന്ന് അവർ വാദിച്ചു. ബസന്റിന്റെ പരിശ്രമത്തിന്റെ ഫലമായി 1898 ജൂലൈയിൽ കാശിയിൽ സെൻട്രൽ ഹിന്ദു കോളേജ് സ്ഥാപിക്കപ്പെട്ടു. പിൽക്കാലത്ത് ഇത് ബനാറസ് ഹിന്ദു സർവകലാ ശാലയായി വികസിച്ചു. സ്ത്രീകളുടെ വോട്ടവകാശം, സമൂഹത്തിൽ മാന്യമായസ്ഥാനം എന്നിവയ്ക്കായി 'വിമൻസ് ഇന്ത്യൻ അസോസിയേഷൻ' എന്ന സംഘടനയ്ക്ക് രൂപം നൽകി. യുവതലമുറയെ പ്രചോദിപ്പിക്കാൻ ചെന്നൈയിൽ 'യങ്മെൻസ് ഇന്ത്യൻ അസോസിയേഷൻ' സ്ഥാപിക്കുന്നതിനും അവർ മുൻകൈയെടുത്തു. ആൺകുട്ടികൾക്കായി സ്കൌട്ട് പെൺകുട്ടികൾക്കായി ഗൈഡ് മൂവ്മെന്റുകളും അവർ ആരംഭിച്ചു. വിദ്യാർത്ഥികളിൽ നന്മ, സർവധർമ സമഭാവം , രാജ്യസ്നേഹം എന്നിവ വളർത്തിയെടുക്കാൻ ആഹ്വാനം ചെയ്ത ആനിബസന്റ്, വിട്ടുവീഴ്ചയില്ലാത്ത പോരാളിയും ആദർശശാലിയും രാഷ്ട്ര നിർമാതാവുമായിരുന്നു.

1. ലോകമത സമ്മേളനത്തിൽ ആനിബസന്റിനൊപ്പം വേദി പങ്കിട്ടതാര്?

2. ലോകമത സമ്മേളനം നടന്നത് എവിടെ ?

3. വിദ്യാഭ്യാസത്തെ മുൻനിർത്തി ആനിബസന്റ് ഉയർത്തിയ വാദമെന്ത്?

4. വിമൻസ് ഇന്ത്യൻ അസോസിയേഷന്റെ ലക്ഷ്യമെന്തായിരുന്നു?

5. കുട്ടികളിൽ എന്തെല്ലാം ഗുണങ്ങൾ വളർത്തണമെന്നാണ് ആനിബസന്റ് ആഹ്വാനം ചെയ്തത്?

6. ഏതു കോളേജാണ് ബനാറസ് ഹിന്ദു സർവകലാശാലയായി വികസിച്ചത്?

7. ആനിബസന്റ് പെൺകുട്ടികൾക്കായി സ്ഥാപിച്ച പ്രസ്ഥാനമേത്?

8. ഏതു തരത്തിലുള്ള ആശയങ്ങളുടെ പ്രചാരകയായിരുന്നു ആനിബസന്റ്?

II. താഴെകൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരമെ ഴുതുക (7X1=7)

മാനുഷരെല്ലാരും ഒരേപോലെ എക്കാലവും ആഗ്രഹിച്ചുപോന്നിട്ടുള്ളത് സ്വാതന്ത്ര്യത്തെയാണ്. അതേസമയം എല്ലാവരും ഏറ്റവും കൂടുതൽ ഭയപ്പെടുന്നതും സ്വാതന്ത്ര്യത്തെയാണ്. സ്വാതന്ത്ര്യം എല്ലായ്പോഴും ഉത്തരവാദിത്വത്തിന്റെ പുതിയ വെല്ലുവിളികൾ വലിച്ചു കൊണ്ടുവരുന്നു. എന്നാൽ ഇതേ വെല്ലുവിളികളാണ് സ്വാതന്ത്ര്യത്തിന്റെ പുതിയ ആകാശങ്ങളെ സമ്മാനിക്കുന്നത്. പൌരാണിക രചനകളിൽ പലയിടത്തും സ്വാതന്ത്ര്യത്തെ കൃത്യമായി നിർവചിക്കുന്നുണ്ട്. എന്നാൽ അവയെല്ലാം അപൂർവം മനുഷ്യർക്കുമാത്രമേ മനസ്സിലായുള്ളു. ആധുനിക കാലത്ത് സ്വാതന്ത്ര്യവും ഉത്തരവാദിത്വവും ഒരേപോലെ നിർവചിക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് responsibility മറ്റാരോ നേരത്തേ നിശ്ചയിച്ചിട്ടുള്ള 'to do list' അല്ല. അതത് നിമിഷത്തിൽ പ്രതികരിക്കാനുള്ള (respond) കഴിവാണ് (ability) അത്. പറക്കുന്നവന്റെ ഉത്തരവാദിത്വമാണ് തന്റെ ചിറകുകൾ. ചിറകുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവനു മാത്രമേ പറക്കാനാവൂ. നാം പൊതുവേ വിചാരിക്കുന്നത് ഒന്നും ചെയ്യാതെ വെറുതേയിരിക്കുന്നതാണ് സ്വാതന്ത്ര്യം എന്നാണ്. അമേരിക്കക്കാരനായ ഷാകാസെങ്കർ Writing My Wrongs എന്ന ആത്മകഥയിൽ സ്വാതന്ത്ര്യത്തെ ഉത്തരവാദിത്വ ബോധമായാണ് നിർവചിക്കുന്നത്.

1. മനുഷ്യരെല്ലാവരും എക്കാലവും ആഗ്രഹിക്കുന്നതും ഭയപ്പെടുന്നതും എന്തിനെയാണ്?

2. സ്വാതന്ത്ര്യത്തിന്റെ പുതിയ ആകാശത്തെ സമ്മാനിക്കുന്നതെന്ത്?

3. സ്വാതന്ത്ര്യത്തെ കൃത്യമായി നിർവചി ക്കുന്നതെവിടെ ?

4. ആധുനികകാലത്ത് സ്വാതന്ത്ര്യവും ഉത്തരവാദിത്വവും എന്താണ്?

5. സ്വാതന്ത്ര്യത്തെ ഉത്തരവാദിത്വ ബോധമായി നിർവചി ക്കുന്നതാര്?

6. സ്വാതന്ത്ര്യത്തെപ്പറ്റി നാം പൊതുവേ വിചാരിക്കുന്നതെന്ത്?

7. Writing My Wrongs എന്ന കൃതി ഏതു സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?

III. ഏതെങ്കിലും ഏഴെണ്ണത്തിന് ഉത്തരം എഴുതുക (7X1=7)

1. വിഘ്നം എന്ന പദത്തിന്റെ വിപരീതപദം ഏതാണ്?

a. അവിഘ്നം b. ആവിഘ്നം

c. നാവിഘ്നം d. വിഘ്നമസ്തു

2. കഷ്ടകാലം എന്ന വാക്കിന്റെ ശരിയായ വിഗ്രഹാർത്ഥം ഏതാണ്?

a. കഷ്ടത്തിന്റെ കാലം b. കഷ്ടത്തിലെ കാലം

c. കഷ്ടമായ കാലം d. കഷ്ടവും കാലവും

3. എണ്ണമറ്റ എന്ന പദം പിരിച്ചെഴുതുന്നതെങ്ങനെ?

a. എണ്ണം + മറ്റ b. എണ്ണം + അറ്റ

c. എണ്ണ + മറ്റ d. ഇതൊന്നുമല്ല

4. ധര - ധാര എന്നീ വാക്കുകളുടെ ശരിയായ അർഥവ്യത്യാസം എഴുതുക

a. ശിരസ്സ് - മാനം b. കിരീടം - തലപ്പാവ്

c. ഒരു ചികിത്സ - എണ്ണ d. ഭൂമി - ഒഴുക്ക്

5. മണ്ണാത്തി എന്ന പദത്തിന്റെ എതിർലിംഗം ഏതാണ്?

a. മണ്ണാൻ b. മണ്ണാരി

c. മണിയൻ d. മണ്ണാനനൻ

6. സംസാരം എന്ന പദത്തിന്റെ നാനാർത്ഥപദങ്ങൾ ഏതെല്ലാം ?

a. ഇടിനാദം - നിലവിളി b. ആരോഗ്യം - ദുരവസ്ഥ

c. വർത്തമാനം - ലൌകികജീവിതം d. ആരാധന - ജീവിതം

7. സുമിത്രയുടെ പുത്രൻ എന്നർത്ഥം വരുന്ന പദമേത്?

a. സൌമിത്രി b. സുമിത്രൻ

c. സൌമിത്രേയൻ d. സുമിത്രാനനൻ

8. പാമ്പ് എന്ന പദത്തിന്റെ പര്യായ പദമേത്?

a. വരാഹം b. അഹി

c. സൂകരം d. അനലൻ

9. ഓതം എന്ന പദത്തിന്റെ ശരിയായ അർത്ഥം ഏതാണ്?

a. നിനവ് b. നിറവ്

c. നനവ് d. കുളിർമ

10. ശരിയായ പദം എടുത്തെഴുതുക

a. സംസാര ബന്ധനം b. സംസാരബദ്ധനം

c. സംസാരബന്തനം d. സംസാര ബധനം

IV. ഏതെങ്കിലും ഒൻപതെണ്ണത്തിന് ശരിയായ ഉത്തരം എടുത്തെഴുതുക (9X2 =18)

1. "ഓതുകിന്നതഥവാ വൃഥാ ശുഭേ
ഹേതു കേൾക്കുവതൊരർഥമേതിനോ"

a. ആരുടെ വാക്കുകളാണിത്?
(നളിനിയുടെ, കവിയുടെ, ദിവാകരന്റെ, തോഴിയുടെ)

b. ഏതു കവിതയിലെ വരികളാണിത്?
(പ്രിയദർശനം, അമ്മത്തൊട്ടിൽ, ലക്ഷ്മണ സാന്ത്വനം, ഓണമുറ്റത്ത്)

2. "ക്രോധം പരിത്യജിക്കേണം ബുധജനം"

a. ഏതു കാവ്യഭാഗത്തെ വരികളാണിത്?
(പ്രിയദർശനം, ലക്ഷ്മണ സാന്ത്വനം, അമ്മത്തൊട്ടിൽ, ഓണമുറ്റത്ത് )

b. ബുധജനം ചെയ്യേണ്ടതെന്ത്?
(മുക്തിക്ക് വിഘ്നം വരുത്തരുത്, ക്രോധം പരിത്യജിക്കണം, തപസ്സുചെയ്യണം,
ഏകാന്ത ചേതസ്സോടെ വിദ്യ അഭ്യസിക്കണം)

3. "ഓണക്കാലത്തുണരും ഞാൻ, തിരു-
വോണപ്പാട്ടുകളാണെൻ പാട്ടുകൾ"

a. ആരെക്കുറിച്ചാണ് ഇവിടെ പറയുന്നത്?
(മഹാബലി, കവി, പുള്ളുവൻ, വാമനൻ )

b. ഇത് ആരുടെ വരികളാണ്?
(കാളിദാസന്റെ, വൈലോപ്പിള്ളിയുടെ, എഴുത്തച്ഛന്റെ, കുമാരനാശാന്റെ)

4. "ആരാണ് മുന്നിൽ, പുറത്തേക്കശാന്തനാ
യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ?"

a. ഈ വരികളുടെ ആശയമെന്ത്?
(ദൈവം എല്ലാറ്റിനും സാക്ഷിയാണ്, ദൈവം അശാന്തനാണ്,
ദൈവം മനുഷ്യനെപ്പോലെയാണ്, ദൈവം നീതിമാനാണ്)

b. ഏതു കാവ്യഭാഗത്തുനിന്നും എടുത്ത വരികളാണിത്?
(ലക്ഷ്മണസാന്ത്വനം, പ്രിയദർശനം, ഹരിനാമകീർത്തനം, അമ്മത്തൊട്ടിൽ)

5. "ആ ചെറ്റ ശിഖണ്ഡിയെ കൊന്നതിൽ ഞാനിന്നു ഇന്ദ്രനെപ്പോലെയായി "

a. ഇതാരുടെവാക്കുകൾ?
(ദുര്യോധനൻ, ഭീഷ്മർ, അശ്വത്ഥാമാവ്, കൃപർ)

b. ശിഖണ്ഡി ആരുടെ പുരുഷാവതാരമാണ്?

(അംബ, അംബാലിക, അംബിക, അംബി)

6. "മന്ഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്"

a. ആരുടെ വാക്കുകളാണിത്?

(കണ്ടുണ്ണിയുടെ, ചെമ്പു മത്തായിയുടെ, ചാക്കുണ്ണിയുടെ, നീലിമണ്ണാത്തിയുടെ)

b. എന്തിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്?

(തയ്യൽമെഷ്യൻ, റേഡിയോ, പണയസാധനങ്ങൾ, വസ്ത്രം)

7. "നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു മുന്നമേ ഞാനെടോ"

a. ആരുടെതത്ത്വം?

(ദശരഥന്റെ, ലക്ഷ്മണന്റെ, രാമന്റെ, ഭരതന്റെ)

b. ഈ വരിയിലെ 'ഞാൻ' ആരാണ്?

(ദുര്യോധനൻ, ലക്ഷ്മണൻ, ശ്രീരാമൻ, ദിവാകരൻ)

8. "തിരികൾ തെറുത്തു കൊളുത്താനുറ്റ മുഹൂർത്തം
കാത്തു കുഴഞ്ഞു മടങ്ങിയ കരവിരലോടെ"

a. തിരികൾ തെറുത്ത് കാത്തിരുന്നതാര്?

(ഉണ്ണികൾ, തുമ്പകൾ, മുക്കുറ്റികൾ, നെയ്യാമ്പലുകൾ)

b. ആരെ വരവേൽക്കാൻ?

(ഓണത്തപ്പനെ, പുള്ളുവനെ, പ്രഭാതത്തെ, വാമനനെ)

9. "ആചാര്യാ, വേഗത്തിൽ നിറകുടം കൊണ്ടുവരൂ"

a. ആരുടെ വാക്കുകൾ?

(ദുര്യോധനന്റെ, അശ്വത്ഥാമാവിന്റെ, കൃപരുടെ, അഭിമന്യുവിന്റെ)

b. ആചാര്യൻ എന്ന് സൂചിപ്പിക്കുന്നതാരെ?

(കൃപർ, കൃഷ്ണദ്വൈപായനൻ, ദ്രൌണി, കൃതവർമ്മാവ്)

10. "നല്ലതിഥി നമുക്കിനിയാരിതുപോലെ"

a. നമ്മുടെ നല്ലതിഥി ആരാണ്?

(പുള്ളുവൻ, ഓണത്തപ്പൻ, വീണപ്പെണ്ണ്, കവി)

b. ഏതു കവിതയിലെ വരികളാണിത്?

(പൂതപ്പാട്ട്, ഓണമുറ്റത്ത്, അമ്മത്തൊട്ടിൽ, ലക്ഷ്മണ സാന്ത്വനം)

## ബി വിഭാഗം (Section - B)

V. താഴെ തന്നിരിയ്ക്കുന്നവയ്ക്ക് ശരിയുത്തരം എഴുതുക

1. അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക (2X1=2)

a. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രനായ തയ്യൽക്കാരനാണ് ചാക്കുണ്ണി

b. അവർ ക്ഷണത്തിൽ വഴിക്കുവെച്ച് ഭീമനെ കണ്ടെത്തിയെങ്കിലും

ക്രോധദീപ്തനായ അദ്ദേഹത്തെ തടഞ്ഞു നിർത്താനായില്ല

2. പ്രയോഗം മാറ്റുക (2X1=2)

a. പല കടുംകൈകൾ പാണ്ഡവർ ചെയ്തു

b. ക്രോധാവേശനായി നിൽക്കുന്ന ലക്ഷ്മണനെ രാമൻ ആശ്വസിപ്പിച്ചു

3. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2X1=2)

a. കൃപരും കൃതവർമ്മാവും അവരവരുടെ യഥാസ്ഥാനങ്ങളിൽ

നിൽക്കണമെന്ന് അശ്വത്ഥാമാവ് പറഞ്ഞു

b. അപ്പോൾ അവസാനമായി അയാളെ ഒടുക്കമൊന്ന് കാണുവാനായി സഞ്ജയൻ അവിടെ വന്നു

4. ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക (2X1=2)

1. സഹാനുഭൂതി

2. കണ്ഠശുദ്ധി

3. ശ്രദ്ധാഞ്ജലി

VI.A. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക (5X1=5)

i. വിദ്യാഭ്യാസവും സാങ്കേതിക വിദ്യയും

ii. ആധുനിക കുടുംബസങ്കൽപ്പത്തിലെ സ്ത്രീ

B. പാതയോരങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കണം എന്നാവശ്യപ്പെട്ട് വകുപ്പു മന്ത്രിക്ക് കത്തെഴുതുക (5X1=5)

C. നിങ്ങളുടെ വിദ്യാലയത്തിൽ നടന്ന പരിസ്ഥിതിദിനാചരണത്തെക്കുറിച്ച് ഒരു പത്രവാർത്ത തയാറാക്കുക (4X1=4)

**VII.** താഴെ തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക **(3X2=6)**

1. "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെ തന്നെയിരിക്കട്ടെ"

 - സന്ദർഭം വ്യക്തമാക്കുക

2. "ഗുരുഘ്നാതികൾക്ക് കുലപാംസന, ലോകങ്ങളില്ല" - വിശദീകരിക്കുക

3. "മനുഷ്യനെ മെനക്കെടുത്താൻ ഓരോ ഏർപ്പാടുകള്"

 - സന്ദർഭവും ആശയവും വ്യക്തമാക്കുക

**VIII.** താഴെ തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക **(3X2=6)**

1. ദേഹം നിമിത്തമുള്ള വ്യാമോഹം നന്നല്ലെന്ന് കവി പറയുന്നത് എന്തുകൊണ്ട്?

2. "ഇവരറിയുന്നീലെന്നഭിമാനം" - കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള കവിയുടെ നിലപാടുകൾ വ്യക്തമാക്കുക

3. കവിതയിൽ അമ്മയുടെ കണ്ണുകളെ 'മങ്ങിപ്പഴകിയ പിഞ്ഞാണ വർണമായി' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ട്?

**IX.** താഴെ തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക **(3X2=6)**

1. ചട്ടമ്പി സ്വാമികൾക്ക് കുട്ടികളോട് വാത്സല്യമായിരുന്നു. ഉദാഹരണ സഹിതം വ്യക്തമാക്കുക

2. സ്വാമികൾ കല്ലടക്കുറിച്ചിയിലേക്ക് പോകാൻ ഇടയായതെങ്ങനെ?

3. ചട്ടമ്പി എന്ന വിശേഷണം കുഞ്ഞൻപിള്ളയ്ക്ക് ലഭിച്ചതെങ്ങനെ?